# അവതരണം

*ഉപദേഷ്ടാവിന്റെ വഴികാട്ടി* എന്നതിലെ പാഠങ്ങൾ നന്നായി അവതരിപ്പിക്കുവാൻ സാധിക്കുന്നത് നല്ല ഒരുക്കത്തിന്റെയും പരിശീലനത്തിന്റെയും ഫലമായിട്ടാണ്. ഉപദേഷ്ടാവിന്റെ ലക്ഷ്യം പാഠം അവതരിപ്പിക്കുന്നതു ചുരുക്കമായും, താല്പര്യപൂർവ്വവും, മനസ്സിലാകുന്ന രീതിയിലും ബോധ്യമാകുന്ന രീതിയിലും ആയിരിക്കണം. പാഴായ ശ്രമം മടുപ്പുളവാക്കുവാനേ കഴിയൂ. അക്കാരണത്താൽ ഉപദേഷ്ടാവു ബൈബിൾ പഠനത്തിനു എടുക്കുന്ന സമയം ബുദ്ധിയോടെ എടുക്കണം.

ഒരു പാഠം അവതരിപ്പിക്കുമ്പോൾ താഴെ പറയുന്നവ പരിഗണിക്കുക:

**ക്രമീകരണങ്ങൾ**

ഒരു പാഠം സ്വീകരിക്കുന്നതിനും അവതരിപ്പിക്കുന്നതിനും പാഠം അവതരിപ്പിക്കുമ്പോൾ ഭൗതിക ക്രമീകരണങ്ങൾ സുപ്രധാനമാണ്, സ്ഥലം പ്രധാനമാണ്. ഉപദേഷ്ടാവു വിദ്യാർത്ഥിയുടെ വളരെ അടുത്തോ വളരെ ദൂരെയോ ഇരിക്കരുത്. വളരെ അടുത്തിരിക്കുന്നതു വിദ്യാർത്ഥിക്കു വീർപ്പു മുട്ടലുണ്ടാക്കും, അകന്നിരിക്കുന്നതു അന്യവും അസാധാരണവുമായ, അന്തരീക്ഷമുണ്ടാക്കും.

ഉപദേഷ്ടാവു കഴിയും എങ്കിൽ, വിദ്യാർത്ഥിയുടെ ഒരു വശത്തായി ഇരിക്കാം, വിദ്യാർത്ഥിയുടെ അടുത്ത് ഒരു മേശമേൽ അല്ലെങ്കിൽ കസേരയിൽ ഇരിക്കാം. അങ്ങനെ അടുത്തിരുന്നാൽ ഒരേ ഷീറ്റു ഉപയോഗിച്ചു ഉപദേഷ്ടാവിനു പഠിപ്പിക്കുവാനും, വിദ്യാർത്ഥിക്കു പഠിക്കുവാനും സൗകര്യം ഉണ്ടാകും, കഴിയും എങ്കിൽ, ഒരേ ബൈബിളും ഉപയോഗിക്കാം. ഉപദേഷ്ടാവു വലതു - കൈ ഉപയോഗിക്കുന്ന ആളാണെങ്കിൽ, അയാൾക്കു വിദ്യാർത്ഥിയുടെ വലതുഭാഗത്തിരിക്കാം, ഇടതു - കയ്യാണ് വശമെങ്കിൽ ഇടതു - വശത്തായും ഇരിക്കാം. അങ്ങനെ പഠിക്കുന്ന ആൾക്ക് എളുപ്പം ഉപദേഷ്ടാവു എഴുതുന്നതും അല്ലെങ്കിൽ വരക്കുന്നതും കാണുവാൻ കഴിയും.

**വസ്തുക്കൾ**

*ഉപദേഷ്ടാവിന്റെ വഴികാട്ടിയിലെ* പാഠങ്ങൾക്കായി ഉപദേഷ്ടാവിന്റെ കയ്യിൽ, പഠന ഷീറ്റും, ഒരു പേനയും ആവശ്യമാണ്. ഉപദേഷ്ടാവിന്റെ കയ്യിൽ ബൈബിൾ നല്ല നിലവാരത്തിൽ തയ്യാറാക്കപ്പെട്ട തർജ്ജിമ, കിങ്ങ് ജെയിംസ്, ദ അമേരിക്കൻ സ്റ്റാൻഡേർഡ്, ദ ന്യൂ അമേരിക്കൻ സ്റ്റാൻഡേർഡ്, അല്ലെങ്കിൽ ദ റിവൈസ്ഡ് സ്റ്റാൻഡേർഡ് എന്നിവ ഉപയോഗിക്കാം. ചില തർജ്ജിമകൾ അനുസരിച്ചു പഠന ഷീറ്റിൽ ചില മാറ്റങ്ങൾ വരുത്താം അല്ലെങ്കിൽ വിട്ടവരികളിലും. വലിയ അക്ഷരമുള്ള ബൈബിൾ സഹായകരമാണ്, അങ്ങനെ പഠിക്കുന്ന ആൾക്കു നല്ല നില

വാരം ഉള്ള തർജ്ജിമ ഇല്ലെങ്കിൽ, അല്ലെങ്കിൽ നന്നായി വായിക്കുവാൻ കഴിയുന്നില്ലെങ്കിൽ, അല്ലെങ്കിൽ വേദഭാഗം കണ്ടുപിടിക്കുവാൻ കഴിയുന്നില്ലെങ്കിൽ, ഉപദേഷ്ടാവിനും വിദ്യാർത്ഥിക്കും ഒരേ ബൈബിൾ ഉപയോഗിക്കാം. വിദ്യാർത്ഥിക്കു ബൈബിൾ നന്നായി വശമില്ലെങ്കിൽ, അക്കാരണത്താൽ, വാക്യങ്ങൾ കണ്ടുപിടിക്കുവാൻ ധാരാളം സമയം വേണ്ടിവരും, അപ്പോൾ പാഠം പെട്ടെന്നു നീങ്ങുവാൻ കഴിയുകയില്ല, അങ്ങനെ പാഠത്തിന്റെ ഉദ്ദേശിച്ച ഫലം നഷ്ടമാകും.

ചിലപ്പോൾ ഉപദേഷ്ടാവിനു ഒരു പേപ്പർ കൂടി വേണ്ടി വന്നേക്കാം; എങ്ങനെയായാലും, പഠിപ്പിക്കുന്ന ആൾ പഠനഷീറ്റ് ഉപയോഗിക്കുകയാണെങ്കിൽ, അദ്ദേഹത്തിനു ആ ഷീറ്റിന്റെ മറുവശത്ത് എഴുതാവുന്നതാണ്. അങ്ങനെ ചെയ്താൽ പഠിക്കുന്ന ആൾക്കു എല്ലാ എഴുത്തുകളും വരകളും ഒരുമിച്ചു ഒരു ഷീറ്റിൽ കിട്ടും.

**പാഠം അവതരിപ്പിക്കൽ**

പാഠം അവതരിപ്പിക്കുന്നതിനുമുൻപു, ഉപദേഷ്ടാവു വിദ്യാർത്ഥിയെ സന്ദർശിച്ചു അല്പസമയം അയാളുമായി ചെലവിടണം. ഇതു പഠിക്കുന്ന ആളെ മനസ്സിലാക്കുവാൻ ഉതകുന്ന ഒരു ലഘുവായതും, നല്ല സ്നേഹബന്ധം പുലർത്തുന്നതുമാകണം.

ആദ്യം, ഉപദേഷ്ടാവു പാഠത്തെ പരിചയപ്പെടുത്തണം. ഈ സമയത്തു ഉപദേഷ്ടാവു വരുവാനിരിക്കുന്ന പാഠത്തിനായി പഠിക്കുന്ന ആളെ ഒരുക്കുകയാണ്.

രണ്ടാമതു, പാഠത്തിന്റെ മുഖവുര ഉപദേഷ്ടാവു നല്കിയശേഷം പാഠത്തിന്റെ ഓരോ ഭാഗവും അവതരിപ്പിക്കുന്നു. ഉപദേഷ്ടാവ് ഓരോ ഭാഗവും പരിചയപ്പെടുത്തി, ഓരോ ഭാഗവും അവതരിപ്പിച്ചു ചുരുക്കുകയും വേണം. പഠനം മുഴുവൻ പൂർത്തിയാക്കിയശേഷം, ഉപദേഷ്ടാവു പാഠം മുഴുവൻ ആവർത്തിച്ചു പാഠത്തിലുള്ളതെല്ലാം പഠിക്കുന്ന ആൾ മനസ്സിലാക്കിയോ എന്നു ഉറപ്പു വരുത്തണം.

മൂന്നാമതു, ഉപദേഷ്ടാവു പാഠം ചുരുക്കുകയും പാഠത്തിൽ പഠിച്ചതെല്ലാം ചുരുക്കി ഉപസംഹരിക്കയും ചെയ്താൽ വിദ്യാർത്ഥി പഠിച്ചതെല്ലാം സ്വീകരിച്ചു എന്നു പ്രത്യാശിക്കാം.

അവസാനം, ഉപദേഷ്ടാവു വിദ്യാർത്ഥിയിൽ നിന്നു ഒരു പ്രതികരണം ആവശ്യപ്പെടുന്നു, അതായതു, ഒരു പ്രതികരണം ആ പാഠത്തിൽ പറയുന്നുണ്ടെങ്കിൽ.

*ഉപദേഷ്ടാവിന്റെ വഴികാട്ടിയിലെ* പാഠങ്ങൾ അവതരിപ്പിക്കുമ്പോൾ, തിരുവെഴുത്തു വായിക്കുന്നതിനുമുൻപു ഒരു ചോദ്യം ചോദിക്കണം, അതു വിദ്യാർത്ഥിയെ വിട്ട വരികൾ പൂരിപ്പിക്കുവാൻ സഹായിക്കും. പഠിക്കുന്ന ആൾക്കു ചിലപ്പോൾ എവിടെ എഴുതണം, എന്തെഴുതണം എന്നോ, വാക്കുകളുടെ സ്പെല്ലിങ് അറിയാതിരിക്കയോ ചെയ്താൽ, *ഉപദേഷ്ടാവ്* പഠനഷീറ്റിലെ വിട്ട വരികൾ പൂരിപ്പിച്ചു നല്കാം.

പഠനഷീറ്റിലെ വിട്ട വരികൾ അദ്ധ്യാപകൻ പൂരിപ്പിക്കുകയാണെങ്കിൽ, അദ്ദേഹത്തിന്റെ കൈവശമുള്ള പഠനഷീറ്റിന്റെ മറുവശത്തു തടസ്സം കൂടാതെ എഴുതുകയോ വരയ്ക്കുകയോ ചെയ്യാം.

ഓരോ വാക്യവും വിദ്യാർത്ഥിയോടു ഉറക്കെ വായിക്കുവാൻ പറയണം. അപ്രകാരം വിദ്യാർത്ഥി വായിക്കുന്നതു ശരിയാണോ എന്നും, എത്ര നന്നായി വിദ്യാർത്ഥി വായിക്കുന്നു എന്നും അദ്ധ്യാപകനു അറിയുവാൻ കഴിയും. ബൈബിൾ ശ്രദ്ധയോടെ വായിക്കുന്നതിന്റെ പ്രാധാന്യം അങ്ങനെ വിദ്യാർത്ഥിയിൽ ഉളവാകുകയും ബൈബിൾ വായനയുടെ ഫലം പ്രയോജനപ്പെടുകയും ചെയ്യും.

വിട്ട വരികളിൽ ആവശ്യമായ ബൈബിൾ ഉത്തരങ്ങൾ കണ്ടുപിടിക്കുവാൻ അദ്ധ്യാപകൻ വിദ്യാർത്ഥിയെ പ്രോത്സാഹിപ്പിക്കണം. ഈ വിധത്തിൽ, അദ്ധ്യാപകൻ പഠനം പൂർത്തിയാക്കിയാൽ, അദ്ധ്യാപകനു ഇങ്ങനെ ചോദിക്കുവാൻ കഴിയും, “ഇതുതന്നെയല്ലേ ഞാൻ പറഞ്ഞതു, അല്ലെങ്കിൽ ഇതല്ലേ ബൈബിൾ പഠിപ്പിക്കുന്നത്. അതു ഞാൻ മാത്രം പറഞ്ഞതാണെങ്കിൽ, തള്ളിക്കളയുക, എന്നാൽ അതാണ് ബൈബിൾ പറയുന്നതെങ്കിൽ, അതു സ്വീകരിക്കുക.”

വിദ്യാർത്ഥിയുടെ പഠന വേഗത അദ്ധ്യാപകൻ സ്വീകരിക്കണം. വളരെ വേഗത്തിൽ പഠിപ്പിച്ചാൽ വിദ്യാർത്ഥിക്കു പലതും നഷ്ടപ്പെടും, വളരെ മന്ദഗതിയിലായാൽ വിദ്യാർത്ഥിക്കു മുഷിച്ചൽ ഉണ്ടാകും.

ഓരോ പോയിന്റും വിദ്യാർത്ഥി മനസ്സിലാക്കിയിട്ടുവേണം അദ്ധ്യാപകൻ അടുത്ത പോയിന്റിലേക്കു നീങ്ങുവാൻ.

വിദ്യാർത്ഥി അദ്ധ്യാപകനോടു ഒരു ചോദ്യം ചോദിക്കുകയും, അതിന്റെ ഉത്തരം എങ്ങനെ നല്കണം എന്നറിയില്ലെങ്കിൽ, പിന്നീട് അതിന്റെ ഉത്തരം നമുക്കു വിശദമായി പഠിക്കാമെന്നു പറഞ്ഞു തയ്യാറായി വന്നശേഷം വിവരിക്കുക. അതുപോലെ പഠിക്കുന്ന ആൾക്കു പഠിക്കുന്ന വിഷയവുമായി ബന്ധമില്ലാത്ത ചോദ്യം ചോദിച്ചാലും, പെട്ടെന്നു ഉത്തരം പറയുവാൻ സാധ്യമല്ലെങ്കിൽ, പാഠവുമായി ബന്ധമില്ലാത്ത ചോദ്യം പിന്നീടു പഠിക്കാമെന്ന തീരുമാനം വിദ്യാർത്ഥിയെ അറിയിക്കുക.

പാഠം അവതരിപ്പിച്ചശേഷം, ആ അവതരണത്തെക്കുറിച്ചു ചർച്ച ചെയ്യുകയും, ചെയ്തശേഷം പാഠത്തിലെ ആ എട്ടുവിലയിരുത്തൽ ചോദ്യങ്ങൾ “ഒരുക്കത്തെ” സംബന്ധിച്ചും വിലയിരുത്തിയാൽ പാഠം എത്ര നന്നായി അവതരിപ്പിച്ചു എന്നറിയാം.

© 2009 Truth for Today